പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2213 — 20.06.2012-ൽ മറുപടിക്ക്

## മലമ്പനി പടരുന്നത് തടയാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ.രാജു<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്തിരുന്ന മലമ്പനി വീണ്ടും ശക്തിയോടെ തിരിച്ചു വന്നുകൊണ്ടിരിക്കുകയാണോ ; ആണെങ്കിൽ ഇതെന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | എ) മലമ്പനി സംസ്ഥാനത്ത് നിന്നും 1965-ൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവെങ്കിലും ഈ രോഗം വീണ്ടും സംസ്ഥാനത്ത് പ്രത്യക്ഷപ്പെടുകയുണ്ടായി. അന്യസംസ്ഥാനങ്ങളിൽ പോയിവരുന്ന ആൾക്കാരിൽ നിന്നും ഇതര സംസ്ഥാന തൊഴിലാളികളിൽ നിന്നുമാണ് കേരളത്തിൽ മലമ്പനി വീണ്ടും ഉണ്ടാകുന്നത്. കൂടാതെ, മലമ്പനി രോഗം പരത്തുവാൻ കഴിവുള്ള കൊതുകുകൾ സംസ്ഥാനത്തുള്ളതും ഈ രോഗം വ്യാപിക്കുന്നതിന് ഒരു കാരണമായിട്ടുണ്ട്. |
| ബി) മലമ്പനി പടരുന്നതിനെ തടയുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | ബി) മലമ്പനി രോഗം തടയുന്നതിനായി വീടിനുള്ളിൽ കീടനാശിനി തളിയ്ക്കൽ, ജലശേഖരങ്ങളിൽ കൂത്താടിഭോജി മൽസ്യങ്ങളെ നിക്ഷേപിക്കൽ, ഫോഗിംഗ്, സ്പ്രേയിംഗ് എന്നീ പ്രവർത്തനങ്ങൾ രോഗവ്യാപനം കണ്ടെത്തുന്ന സ്ഥലങ്ങളിൽ നടത്തുന്നുണ്ട്. കൂടാതെ, രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ജൂൺ-ജൂലൈ മാസങ്ങളിൽ 'Anti Malaria Month' ആചരിക്കാറുണ്ട്. കാലേകൂട്ടി രോഗം കണ്ടെത്തുന്നതിനും രോഗമുള്ളവർക്ക് ഉടനടി സമ്പൂർണ്ണ ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ട എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ